ക്രൈസ്തവ സഭകൾ

ഫാ.ഡോ.ജോസഫ് ചീരൻ

വേദിയിൽനിന്നും

പ്രസംഗ

പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി പ്രകാശത്തിന്റെ ചരിത്രം സൃഷ്ടിച്ചു

ഫാ.ഡോ.കെ.എം.ജോർജ്

പരുമല തിരുമേനിയെ കൊച്ചു തിരുമേനിയെന്നാണ് ജനങ്ങൾ വാത്സല്യത്തോടെ വിളിച്ചിരുന്നത്. പരുമല തിരുമേനിയെ കൊച്ചു തിരുമേനി എന്നു വിളിക്കണമെങ്കിൽ അന്ന് വലിയ തിരുമേനി ഉണ്ടായിരുന്നു എന്നാണ് അതിന്റെ അർത്ഥം. ആ വലിയ തിരുമേനിയാണ് പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് തിരുമേനി.

എം.ഡി.സെമിനാരിയുടെയും പരുമല സെമിനാരിയുടെയും സ്ഥാപകനാണദ്ദേഹം. മലയാളത്തിന്റെ മഹാനായ വലിയ മാർ ദീവന്നസ്യോസ് മെത്രാപ്പോലീത്തയാണദ്ദേഹം.

പുലിക്കോട്ടിൽ തിരുമേനി പ്രകാശത്തിന്റെ ചരിത്രം സൃഷ്ടിക്കുകയായിരുന്നു. വട്ടശേരിൽ തിരുമേനി പ്രകാശത്തിന്റെ ചരിത്രം സൃഷ്ടിച്ചയാളായിരുന്നു. എന്നാൽ അദ്ദേഹത്തെ കേസും വഴക്കുമായിട്ട് ബന്ധിപ്പിക്കുകയും അവർ നൽകിയ കോടതി മൊഴികളുമൊക്കെയാണ് സുപ്രധാന ചരിത്രമായി പഠിപ്പിക്കുകയും ചെയ്യുന്നത്. ഇവിടെ നമ്മുടെ ചരിത്രത്തിന് ഒരു മാറ്റം ആവശ്യമാണ്.

പരുമല തിരുമേനിയുടെ ഗുരുവായിരുന്നു അദ്ദേഹം. പരുമല തിരുമേനി വളരെയേറെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്ത മഹാനായിരുന്നു നാം ഇന്ന് നൂറാം ചരമദിനം ആചരിക്കുന്ന പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ തിരുമേനി.

പത്തൊമ്പതാം നൂറ്റാണ്ട് എന്നു പറയുന്നത് കേരളത്തിന്റെ നവോത്ഥാന കാലഘട്ടമാണ്. നൂറിലധികം സ്കൂളുകൾ സ്ഥാപിച്ച് സാംസ്കാരികമായ മുന്നേറ്റത്തിന് കൈത്തിരി കാണിച്ച മഹാനായിരുന്നു അദ്ദേഹം. അന്ന് അദ്ദേഹം അതു ചെയ്തില്ലായിരുന്നുവെങ്കിൽ ഇപ്പോൾ ഇവിടെ കാണുന്ന പല ആളുകളും ഒരുപക്ഷെ നിരക്ഷരരായിരുന്നേക്കാം. അന്ന് അദ്ദേഹം ദീർഘമായ വീക്ഷണത്തോടെ ചില കാര്യങ്ങൾ ചെയ്തില്ലായിരുന്നുവെങ്കിൽ പരുമല സെമിനാരിയിൽ ഇന്ന് നാം ആചരിക്കുന്ന പരുമല തിരുമേനിയുടെ ഓർമ്മ ഒരുപക്ഷെ ഇങ്ങനെയാകുമായിരുന്നില്ല.

ചരിത്രപരമായി ഒരു വലിയ ധർമ്മം നിർവ്വഹിച്ച ആളാണ് പുലിക്കോട്ടിൽ തിരുമേനി എന്ന് എല്ലാ അർത്ഥത്തിലും നമുക്ക് പറയുവാൻ സാധിക്കും. കേരളത്തിന്റെ ചരിത്രം നോക്കിയാൽ ഇവരുടെ പേരുകൾ കാണില്ല. പഴയ സെമിനാരി സ്ഥാപിച്ച് നവോത്ഥാനത്തിന് ആരംഭമിട്ട പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ തിരുമേനി, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം ആ ജ്വാലയെ വീണ്ടും പ്രകാശിപ്പിച്ച രണ്ടാമൻ ദീവന്നാസ്യോസ് തിരുമേനി, വട്ടശേരിൽ തിരുമേനി ഇങ്ങനെയുള്ള ആളുകളുടെ പേരുകൾ പൊതുചരിത്രത്തിൽ എന്തുകൊണ്ട് കാണുന്നില്ല എന്നുള്ളത് ചരിത്രവിദ്യാർത്ഥികൾ അന്വേഷിക്കേണ്ടതാണ്. അവരുടെ പ്രതിഭാശേഷിയും അവർ ചെയ്ത കാര്യങ്ങളും കണക്കിലെടുത്താൽ യഥാർത്ഥത്തിൽ ഭാരതത്തിലെ പൊതുചരിത്രത്തിൽ രേഖപ്പെടുത്തേണ്ട പേരുകളാണ്. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചില്ല എന്നു ചോദിച്ചാൽ അവരുടെ ചരിത്രത്തിൽ ഒരു നല്ല ഭാഗം, അവരുടെ സമയത്തിലും ഊർജ്ജത്തിലും ഒരു നല്ല ഭാഗം, നമ്മുടെ സഭയുടെ കേസുകളിലും വഴക്കുകൾക്കുവേണ്ടിയും ചെലവഴിച്ചുവെന്നുള്ളതാണ്. നിർഭാഗ്യമാണത്. അവർ അത് ആഗ്രഹിച്ചതല്ല. അങ്ങനെയുള്ള തമസ്സമായ പ്രവർത്തനങ്ങളിലേക്ക് നമ്മുടെ സാഹചര്യം വരുത്തിവയ്ക്കുകയായിരുന്നു എന്നു പറയാം. നമ്മുടെ ചരിത്രകാരനും സാഹിത്യകാരനുമായ ഡോ.സാമുവൽ ചന്ദനപ്പള്ളിയുടെ പ്രസിദ്ധമായ ഗ്രന്ഥമാണ് മലങ്കര സഭാപിതാക്കന്മാർ. അതിൽ വ്യവഹാര യുഗമെന്നാണ് ഈ കാലഘട്ടത്തെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. നിർഭാഗ്യവശാൽ ആ വ്യവഹാരയുഗം പിന്നെയും തുടരുകയായിരുന്നു. എന്തുകൊണ്ട് ഇത് സംഭവിച്ചുവെന്നുള്ളതിന്റെ കാരണം നമുക്ക് അന്വേഷിക്കാവുന്നതാണ്. അതുമാത്രമാണ് നമ്മുടെ ചരിത്രമെന്ന് നമ്മുടെ ചരിത്രകാരന്മാർപോലും പറയുന്നു. പത്രങ്ങളിലും മാസികകളിലും പുസ്തകങ്ങളിലുമൊക്കെ സഭാ ചരിത്രമെന്ന് പറഞ്ഞ് നമ്മുടെ കൊച്ചുകുട്ടികളെ പഠിപ്പിക്കുന്ന പല കാര്യങ്ങളും പലപ്പോഴും കേസിന്റെയും സംഘർഷത്തിന്റെയും അന്ധകാരാവൃതമായ ചരിത്രമാണ്. അത് യാഥാർത്ഥ്യമാണ്. അത് അറിഞ്ഞിരിക്കേണ്ടതുമാണ്. എന്നാൽ അതിനപ്പുറത്ത് വേറൊരു ചരിത്രമുണ്ട്. പ്രകാശത്തിന്റെ ചരിത്രം. ആ ചരിത്രമാണ് എനിക്കു പറയാനുള്ളത്.

പുലിക്കോട്ടിൽ തിരുമേനി പ്രകാശത്തിന്റെ ചരിത്രം സൃഷ്ടിക്കുകയായിരുന്നു. വട്ടശേരിൽ തിരുമേനി പ്രകാശത്തിന്റെ ചരിത്രം സൃഷ്ടിച്ചയാളായിരുന്നു. എന്നാൽ അദ്ദേഹത്തെ കേസും വഴക്കുമായിട്ട് ബന്ധിപ്പിക്കുകയും അവർ നൽകിയ കോടതി മൊഴികളുമൊക്കെയാണ് സുപ്രധാന ചരിത്രമായി പഠിപ്പിക്കുകയും ചെയ്യുന്നത്. ഇവിടെ നമ്മുടെ ചരിത്രത്തിന് ഒരു മാറ്റം ആവശ്യമാണ്. ഇപ്പോൾ നാം പുറകോട്ടു നോക്കിയപ്പോൾ എന്തൊക്കെയാണ് സംഭവിച്ചത് എന്ന് എഴുതി പഠിപ്പിക്കുവാൻ ശ്രമിക്കുന്നു. ചരിത്രത്തിന് വേറൊരു വശമുണ്ട്. അത് പുതിയ ചരിത്രത്തെ സൃഷ്ടിക്കുക എന്നുള്ളതാണ്. ഇന്ന് മലങ്കരസഭയ്ക്ക് ലഭിച്ചിരിക്കുന്നതായ വലിയ സൗകര്യങ്ങളും സന്നാഹങ്ങളും മനുഷ്യവിഭവശേഷിയും ഉപയോഗിച്ച് പുതിയ ചരിത്രം സൃഷ്ടിക്കുന്നില്ലെങ്കിൽ നാം വീണ്ടും അന്ധകാരത്തിലേക്ക്, ഇരുട്ടിലേക്ക് വഴുതിപ്പോകുകയാണെന്നു വരും.

പരുമല സെമിനാരിയിലേക്ക് വരുമ്പോൾ എപ്പോഴും മനസ്സിൽ വരുന്ന ഒരു വലിയ ചിന്തയുണ്ട്. നൂറുകിലോമീറ്റർ ദൂരത്തിൽനിന്നും അതിരാവിലെ തന്നെ തീർത്ഥാടകർ ഇവിടേക്ക് വരികയാണ്. അവർ അങ്ങേയറ്റം ക്ഷീണിതരായി വരികയാണ്. എന്നാൽ അവരുടെ ഉള്ളിൽ ഒരു പ്രകാശമുണ്ട്. പരുമല തിരുമേനിയുടെ കബറിങ്കൽ വരണം. അവിടെ പ്രാർത്ഥിക്കണം. അവിടെ സൗഖ്യവും സമാശ്വാസവും നേടണം എന്നൊരു വലിയ ജ്വാല അവരുടെ ഹൃദയത്തിൽ എരിയുന്നതുകൊണ്ടാണ് അവർ ഈ കഷ്ടപ്പാടെല്ലാം സഹിക്കുന്നത്. അവർ സാധാരണക്കാരാണ്. ഒത്തിരിപ്പേർ പാവപ്പെട്ടവരാണ്. അവരുടെ വിയർപ്പിന്റെ ഗന്ധമുള്ള, നനവുള്ള പണമാണ് ഈ കബറിങ്കൽ വന്നു വീഴുന്നത്. ആ ജനങ്ങളെ ഒരിക്കലും നാം വഞ്ചിക്കാൻ പാടില്ല. ഞാൻ ഉൾപ്പെടുന്നതായ രണ്ടു വലിയ സെമിനാരികളുടെ ചുമതല എനിക്കുണ്ട്. എന്നെക്കുറിച്ചുകൂടിയാണ് ഞാൻ പറയുന്നത്. അവരുടെ അർപ്പണവും ആത്മാർത്ഥതയും അവരുടെ ആദ്ധ്യാത്മികമായ അധിനിവേശവും കണക്കിലെടുത്തുകൊണ്ടുവേണം നമ്മുടെ എല്ലാ പദ്ധതികളും, എല്ലാ സമ്മേളനങ്ങളും നിർവ്വഹിക്കുവാൻ എന്നുള്ള എളിയ അഭിപ്രായമെനിക്കുണ്ട്. ഇവിടേക്ക് വരുവാൻ വലിയ ഉദാരമനോഭാവം എന്നോടു കാട്ടാറുണ്ട്. ഇവിടെ വരുമ്പോൾ ജനങ്ങൾക്ക് ഇത്തരം കാര്യത്തിൽ വലിയ താല്പര്യം കാണാറില്ല. എന്തുകൊണ്ടാണെന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. രാഷ്ട്രീയ സാമൂഹികരംഗങ്ങളിലുള്ള ആളുക ളെ ബഹുമാനിക്കുന്നതിനുവേണ്ടിയോ, മറ്റു ചില കാര്യങ്ങൾ നടത്തുന്നതിനുവേണ്ടിയോ ആണ്. ആളുകൾ വരുന്നത് എങ്ങോട്ടാണെന്നു നോക്കണം. ആളുകൾ വരുന്നത് സമ്മേളനത്തിനല്ല. ആളുകൾ വരുന്നത് പരുമല തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥിക്കുന്നതിനും പ്രസിദ്ധമായ ഈ ദേവാലയത്തിൽ ആരാധിക്കുന്നതിനും വേണ്ടിയാണ്. അതാണ് നാം മനസ്സിലാക്കേണ്ട വലിയ കാര്യം. അവിടേക്ക് വരുന്ന ജനങ്ങളെയാണ് നാം സ്നേഹിക്കേണ്ടത്, ആദരിക്കേണ്ടത്. അവർക്കുവേണ്ടിയാണ് നമ്മുടെ എല്ലാ പദ്ധതികളും നടപ്പാക്കേണ്ടത് എന്നുള്ള ഒരു എളിയ നിർദ്ദേശം വയ്ക്കുന്നു. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ സാന്നിധ്യം ഇവിടെ ഉണ്ടെന്ന് അറിഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ പാദത്തിങ്കൽ അഭയം പ്രാപിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ശിഷ്യനും പരിശുദ്ധനുമായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പ്രാർത്ഥനകളിൽ അഭയം പ്രാപിച്ചുകൊണ്ടും വാക്കുകൾ അവസാനിപ്പിക്കുന്നു.

ദൈവത്തിന്റെ സ്നേഹിതരാകാൻ വിളിക്കപ്പെട്ടവർ

ത്തിത്തരണം. ദൈവവുമായി സ്നേഹബന്ധം സ്ഥാപിക്കാൻ കഴിഞ്ഞാലേ യഥാർത്ഥമായ സ്വർഗ്ഗീയ മർമ്മങ്ങൾ നമുക്ക് വെളിപ്പെട്ടുവരികയുള്ളൂ. വെളിപ്പെടുത്തലുകൾ, നമ്മുടെ ഭാഗത്തുനിന്നും സത്യസന്ധമായി ഉണ്ടായാലേ യഥാർത്ഥമായ സ്നേഹബന്ധം സ്ഥാപിക്കാൻ കഴിയൂ. വി. വേദവചനങ്ങളിലും, വി. കൂദാശകളിലും വിശ്വാസസംഹിതകളിലുമെല്ലാം മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ വെളിപ്പെട്ടുകിട്ടുന്നത്, ദൈവസ്നേഹിതർക്ക് മാത്രമാണ്. ആകയാൽ എന്തുവിലകൊടുത്തും എത്രമാത്രം അദ്ധ്വാനിച്ചും കാത്തിരുന്നും' ദൈവസ്നേഹിതൻ' എന്ന സ്ഥാനം നേടിയെടുക്കാൻ നമുക്ക് കഴിയണം.

ദൈവം തന്റെ സ്നേഹിതരായ അബ്രഹാം തുടങ്ങിയ ഗോത്രപിതാക്കന്മാരോടും, ദാനിയേൽ തുടങ്ങിയ പ്രവാചകന്മാരോടും, പത്രോസ്, പൗലൂസ് തുടങ്ങിയ ശ്ലീഹന്മാരോടും ഒട്ടേറെ ശിഷ്യന്മാരോടും ശിഷ്യകളോടും കാലാകാലങ്ങളായി അനേകം സ്വർഗ്ഗീയ മർമ്മങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. എഴുതപ്പെട്ടതും, പ്രസംഗിക്കപ്പെട്ടതും, അരുളിചെയ്യപ്പെട്ടതുമായ ദൈവവചനത്തിന്റെ പ്രതിധ്വനികൾ എപ്പോഴും നമ്മുടെ കാതുകളിലും കണ്ണുകളിലും മനസ്സുകളിലും നിറഞ്ഞുനിൽക്കുമെങ്കിൽ, ദൈവികസ്നേഹിതരായി രൂപാന്തരപ്പെടുവാൻ അധികം പ്രയാസം വരില്ല. കേട്ടതും തിരിച്ചറിഞ്ഞതുമായ സ്വർഗ്ഗീയ മർമ്മങ്ങളെ ശ്രദ്ധാപൂർവ്വം മനസ്സിൽ ധ്യാനിച്ച് താലോലിച്ച് കൊണ്ടുനടന്നാൽ ദൈവികമർമ്മങ്ങളുടെ ചുരുളുകൾ താഴെ നിവർന്നുവരുന്നതായും, ദൈവവചനപ്രകാശം നമുക്ക് വഴിവിളക്കായും അനുഭവപ്പെടുകയും ചെയ്യും.